ശ്രീ. കെ. പി. ഗോപാലൻ : അതിന്റെ ഡീറ്റെയിൽസിനെപ്പറ്റി ആലോചിച്ചിട്ടില്ല. പൊതുവിൽ ഒരു കാർപ്പറേഷൻ വേണമെന്നു ആലോചിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഡീറ്റെയിൽസ് അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിനു ഒരു സ്പെഷ്യലാഫീസറെ നിയമിച്ചതു്.

ശ്രീ. എം. നാരായണക്കുറുപ്പ് : ആ സ്പെഷ്യലാഫീസറുടെ റിപ്പോർട്ടു നിയമസഭാസാമാജികന്മാരെ കാണിക്കേണ്ട എന്നു തീരുമാനിച്ചതു് പൊതുജനതാൽപ്പര്യത്തെ മുൻനിറുത്തിയാണോ ?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെ കാണിക്കേണ്ടെന്നു തീരുമാനമെടുത്തിട്ടില്ല. ആ റിപ്പോർട്ടു ഗവണ്മെന്റു പഠിച്ചശേഷം ആ കാര്യം ആലോചിക്കുമെന്നാണു് ഞാൻ മുമ്പു പറഞ്ഞതിൽ നിന്നും ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കേണ്ടതു്.

തീപ്പെട്ടിക്കോൽ നിർമ്മാണം.

* 1469. [31] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) തീപ്പെട്ടിക്കോൽ നിർമ്മാണത്തിനു് ഉപയോഗിക്കുവാൻതക്കവണ്ണം എത്ര കുബിക്കടി മരം കൊല്ലംതോറും നമ്മുടെ സംസ്ഥാനത്തിൽനിന്നും ശിവകാശിയിലേയ്ക്കും കോയിൽപ്പെട്ടിക്കും മറ്റും കയറ്റി പോകുന്നുണ്ടു്;

(ബി) തീപ്പെട്ടിക്കോൽ നിർമ്മാണം സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗങ്ങളിൽ കുടിൽവ്യവസായമായി നടത്തിവരുന്നുണ്ടോ ;

(സി) ചെറുകിടവ്യവസായ പദ്ധതിയനുസരിച്ചു് തീപ്പെട്ടിക്കോൽ നിർമ്മാണം വിപുലമായ തോതിൽ കുടിൽ വ്യവസായമായി പ്രചരിപ്പിക്കുവാൻ ഗവണ്മെന്റിനു വല്ല പദ്ധതിയുമുണ്ടോ ;

(ഡി) സംസ്ഥാനത്തിലെ തൊഴിലില്ലായ്മയ്ക്കു് തെല്ലൊരു പരിഹാരം കാണുവാനായി ഇക്കാര്യത്തിൽ ഗവണ്മെന്റു പ്രത്യേകം ശ്രദ്ധ പതിപ്പിക്കുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.
(സി) ഇപ്പോൾ ഇല്ല.
(ഡി) ആലോചിക്കാം.

Water Transport.

* 1470. [32] Smt. Leela Damodara Menon : * Will the Minister for Transport be pleased to state :

(a) whether the Water Transport is running at a loss ;
(b) if so, what is the loss incurred so far ; and
(c) what are the reasons for the same ?

Minister for Labour and Transport (Sri T. V. Thomas) :

(a) Yes.
(b) Rs. 23,379 up to the end of 1957-58.
(c) The loss is due to steady expenditure under establishment charges, fuel and other contingencies.

* As the member was absent the question was put by Shri K. K. Viswanathan with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly